പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4286 | 21.07.2015 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികൾ** | |
| ചോദ്യം | ഉത്തരം |
| ശ്രീ.എ.കെ.ബാലൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| (എ) നിലവിൽ ഉള്ള അംഗൻവാടികളുടെ വികസന ബ്ലോക്ക് തിരിച്ചുള്ള കണക്ക് നൽകുമോ; | (എ) സംസ്ഥാനത്തെ അങ്കണവാടികളുടെ ബ്ലോക്ക് തിരിച്ചുള്ള കണക്ക് അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) നിലവിൽ എത്ര കുട്ടികൾ അംഗൻവാടികളിൽ എത്തുന്നുണ്ട് ; വികസന ബ്ലോക്ക് തിരിച്ചുള്ള കണക്ക് നൽകുമോ; | (ബി) 2015 മെയ് മാസത്തെ പുരോഗതി റിപ്പോർട്ട് പ്രകാരം അങ്കണവാടികളിൽ എത്തുന്ന കുട്ടികളുടെ എണ്ണം 391327 ആണ്. ബ്ലോക്ക് തിരിച്ചുള്ള കണക്ക് അനുബന്ധം - 2 ആയി ചേർത്തിരിക്കുന്നു. |
| (സി) നിലവിൽ കുട്ടികൾക്ക് വകുപ്പ് മുഖേന നൽകുന്ന ഭക്ഷണങ്ങൾ ഏതെല്ലാമാണ്; ഭക്ഷണസാധനങ്ങൾ വാങ്ങുന്നതിനും പാചകം ചെയ്തു നൽകുന്നതിനും നിശ്ചയിച്ചിട്ടുള്ള സംവിധാനങ്ങൾ, ചുമതലകൾ, അതിന്റെ മാനദണ്ഡം തുടങ്ങിയവ വ്യക്തമാക്കുമോ; | (സി) അങ്കണവാടി പരിധിയിലുള്ള 6 മാസത്തിനും 3 വയസ്സിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് പ്രതിദിനം 135 gm അമൃതം ന്യൂട്രിമിക്സും 3 വയസ്സിനും 6 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് 200 മി.ലി. പാലോ, 20 gm കപ്പലണ്ടിയും, 10 gm ശർക്കര ചേർത്തുള്ള കപ്പലണ്ടി മിഠായിയോ മോണിംഗ് സ്നാക്സ് ആയും , നൂൺ ഫീഡിംഗായി ഒരു കുട്ടിക്ക് 60 gm അരി, 15 gm പയർ, പച്ചക്കറി, പലവ്യഞ്ജനം എന്നിവ ചേർത്ത് തയ്യാറാക്കിയ കഞ്ഞിയും കറിയും, വൈകുന്നേരം ജനറൽ ഫീഡിംഗിന് സാധാരണ ഒരു കുട്ടിക്ക് 60 gm നുറുക്ക് ഗോതമ്പ്, 10 gm എണ്ണ, 10 gm ദാൽ, പച്ചക്കറി എന്നിവ ചേർത്തുള്ള ഉപ്പുമാവ്/പായസം എന്നിവയും ഗുരുതര പോഷകാഹാര കുറവുള്ള കുട്ടികൾക്കായി 120 gm നുറുക്ക് ഗോതമ്പ്, 15 gm എണ്ണ, 15 gm ദാൽ എന്നിവ ചേർത്ത ഉപ്പുമാവ്/പായസം എന്നിവയുമാണ് ഭക്ഷണമായി നൽകി വരുന്നത്.<br><br>അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങൾ നീതി സ്റ്റോർ, ലാഭം മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും ഇവിടങ്ങളിലെ തുകയിൽ അധികരിക്കാതെ സൊസൈറ്റികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും വാങ്ങുന്നതിനാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്.<br><br>അങ്കണവാടികളിൽ നിശ്ചയിച്ചിട്ടുള്ള മെനുവിന്റെ അടിസ്ഥാനത്തിൽ ഓരോ അങ്കണവാടികളിലേയും ഹെൽപ്പർമാർ പ്രസ്തുത അങ്കണവാടികളിലെ ഗുണഭോക്താക്കൾക്ക് ആവശ്യമായ ഭക്ഷണം പാകം ചെയ്തു നൽകുന്നു. ഭക്ഷണം പാകം ചെയ്യുന്നതിനായി അങ്കണവാടികളിൽ ഗ്യാസ് കണക്ഷനുകൾ |

<table>
<tr><td></td><td>ലഭ്യമാക്കിയിട്ടുണ്ട്. ഗ്യാസ് കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾക്ക് വിറക് വാങ്ങുന്നതിനുള്ള തുകയും നൽകി വരുന്നു.</td></tr>
<tr><td>(ഡി) ഒരു കുട്ടിക്ക് എത്ര രൂപ ക്രമത്തിലാണ് തുക അനുവദിക്കുന്നത്; പ്രസ്തുത തുക യഥാസമയം അനുവദിക്കാറുണ്ടോ; കഴിഞ്ഞ നാലു വർഷവും അനുവദിച്ച തുകയും ചെലവും വർഷം തിരിച്ച് വ്യക്തമാക്കുമോ ;</td><td>(ഡി) കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം ഒരു കുട്ടിക്ക് 6 രൂപയും ഗുരുതര പോഷണക്കുറവുള്ള കുട്ടികൾക്ക് 9 രൂപയും ആണ് പൂരകപോഷകാഹാര പദ്ധതിയിലുൾപ്പെടുത്തി വകയിരുത്തിയിട്ടുള്ളത്. ആയതിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കുന്നു. എന്നാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത തുകയേക്കാൾ കൂടുതൽ തുക പഞ്ചായത്തുകൾ പോഷകാഹാര പദ്ധതിക്കായി ചെലവഴിക്കുന്നുണ്ട്.<br>കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ചെലവഴിക്കുന്ന മുറയ്ക്ക് പഞ്ചായത്തുകൾ ചെലവഴിച്ചതായ തുകയുടെ 50% നിബന്ധനകൾക്ക് വിധേയമായി നൽകിവരുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ തുകയുടെ കഴിഞ്ഞ 4 വർഷത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>കേന്ദ്ര റിലീസ് (ലക്ഷത്തിൽ)</th><th>ചെലവഴിച്ച തുക</th></tr>
<tr><td>2011-12</td><td>7459.55</td><td>20602.43</td></tr>
<tr><td>2012-13</td><td>4503.83</td><td>21622.37</td></tr>
<tr><td>2013-14</td><td>4511.22</td><td>23841.50</td></tr>
<tr><td>2014-15</td><td>4489.46</td><td>21031.57</td></tr>
</table></td></tr>
<tr><td>(ഇ) എത്ര അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട് ; സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര അംഗൻവാടികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;</td><td>(ഇ) 1. സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള അങ്കണവാടികൾ - 21132<br>2. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാതെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ - 10165.</td></tr>
<tr><td>(എഫ്) കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉല്ലാസത്തിനും വൃത്തിയായി ഭക്ഷണം പാകം ചെയ്തു നൽകുന്നതിനും അനുയോജ്യമായ സ്ഥലസൗകര്യമില്ലാത്ത അംഗൻവാടികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?</td><td>(എഫ്) കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിനായി വൃത്തിയായി ഭക്ഷണം പാകം ചെയ്തു നൽകുന്നതിന് അനുയോജ്യമായ രീതിയിൽ സ്ഥലസൗകര്യമില്ലാതെ ചില അങ്കണവാടികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന എല്ലാ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. അനുയോജ്യമായ സ്ഥല സൗകര്യമില്ലാത്ത അങ്കണവാടികൾക്ക് സൗകര്യമായ വാടക കെട്ടിടം കണ്ടെത്തി ആയതിലേയ്ക്ക് മാറ്റി പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്